"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിലെ (KSREC) സ്ഥിരം ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തിക കാര്യ(ബി)വകുപ്പ്**

G.O.(Ms)No.11/2023/P&EA തീയതി,തിരുവനന്തപുരം, 01-06-2023

---

പരാമർശം:-

1. 1. 22.10.2001 ലെ ജി.ഒ.(പി)നം.1208/2001/ധന ഉത്തരവ്
2. 09/04/2019 ലെ ജി.ഒ.(ആർ.ടി) നം.166/2019/പ്ലാനിംഗ് ഉത്തരവ്.
3. 10.02.2021 ലെ ജി.ഒ.(പി)നം.27/2021/ധന ഉത്തരവ്.
4. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ഡയറക്ടറുടെ 20/9/20121, 25/2/2022, 10/10/2022 എന്നീ തീയതികളിലെ എ1/915/2020 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

1 . കേരള സർക്കാരിന്റെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിൽ സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്ന ജിയോസ്പേഷ്യൽ ടെക്നോളജിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ.

2. കെ.എസ്.ആർ.ഇ.സി.യിലെ സ്ഥിര ജീവനക്കാർക്ക് സേവനവേതനം പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് ശ്രീ കെ.മോഹൻദാസ് ഐ.എ.എസ്.(Rtd) അദ്ധ്യക്ഷനായ XI-ാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശിപാർശ അനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ഇ.സി ഡയറക്ടർ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായ പരിശോധിച്ചു. പരാമർശം (3) ലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള കെ.എസ്.ആർ.ഇ.സി.യിലെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ നൽകുന്ന തസ്തികകളുടെ ശമ്പളം പരിഷ്ക്കരിച്ച്

ഉത്തരവാകുന്നു.

| Sl. No. | Post | No. of posts | Existing Scale of Pay | Proposed Scale of Pay |
|---|---|---|---|---|
| 1 | Scientist B | 3 | 42500-87000 | 59300-120900 |
| 2 | Accounts Officer | 1 | 42500-87000 | 59300-120900 |
| 3 | Senior Scientific Assistant | 4 | 35700-75600 | 50200- 105300 |
| 4 | Office Assistant | 1 | 25200-54000 | 35600-75400 |
| 5 | Confidential Assistant | 1 | 20000-45800 | 27900-63700 |
| 6 | Driver | 2 | 17500-39500 | 24400-55200 |
| 7 | Office Attendant | 2 | 16500-35700 | 23000-50200 |

i. മേൽ ശമ്പള പരിഷ്ക്കരണം 01/07/2019 മുതലും പരിഷ്ക്കരിച്ച മറ്റു അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

ii. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ സംബന്ധിച്ച് പരാമർശം 3ലെ ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

iii. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ പരാമർശം 3ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന ചട്ടങ്ങൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

| അലവൻസുകൾ | |
|---|---|
| DA | ഖണ്ഡിക 11 |
| HRA | ഖണ്ഡിക 12, 13 & 14 |
| TA | ഖണ്ഡിക (27) |

iv. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 3 ലെ ഉത്തരവിന്റെ അനക്സർ VI ലെ ഖണ്ഡിക 2.2 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്ക്കരിച്ച സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2021 ആണ്.

v. സിറ്റി കോമ്പൻസേറ്ററി അലവൻസ് പരാമർശം 3ലെ ഉത്തരവിന്റെ ഖണ്ഡിക 17 ലെ വ്യവസ്ഥ പ്രകാരം 01/03/2021 മുതൽ നിർത്തലാക്കേണ്ടതാണ്. 01/03/2021 മുതൽ

ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ തിരികെ ഈടാക്കേണ്ടതാണ്.

vi. റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

vii. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

viii. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

ix. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കെ.എസ്.ആർ.ഇ.സി ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്ക്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

x. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

xi. ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കെ.എസ്.ആർ.ഇ.സി യിലെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xii. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്ക്കരണം ബാധകമല്ല.

xiii. കെ.എസ്.ആർ.ഇ.സി.യിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗ ജീവനക്കാർക്കുമുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

xiv. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/-രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ്.

xv. ഇ.പി.എഫ് സ്കീമിലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ വിഹിതം ഇ.പി.എഫ് ആക്ടിലെ നിലവിലെ നിയമപ്രകാരമായിരിക്കണം.

xvi. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതാണ്.

xvii. പൊതു വിദ്യാലയങ്ങളിലോ, സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക

മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000/-രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

xviii. ശമ്പള പരിഷ്ക്കരണ കുടിശ്ശിക അനുവദിക്കുന്ന വിഷയം പിന്നീട് തീരുമാനിക്കുന്നതാണ്.

xix. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കെ.എസ്.ആർ.ഇ.സി. ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

4147213883

(ഗവർണറുടെ ഉത്തരവിന് പ്രകാരം)
PUNEET KUMAR IAS
ADDITIONAL CHIEF SECRETARY

1. ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (No.1879071 :EXP B3 dated 17.4.2023)
5. പൊതുഭരണ (എസ്.സി) വകുപ്പ് (31.05.2023 ലെ ഇനം നമ്പർ 1542 പ്രകാരം)
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷന്)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിന് പ്രകാരം

സെക്ഷന് ഓഫീസർ

പകർപ്പ് - 1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണല് ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണല് സെക്രട്ടറിയുടെ സി.എ.യ്ക്ക്